"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ശ്രീ. ശരത് വി.എസ്, മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, തിരുവനന്തപുരം - ജനറൽ മാനേജറുടെ അധിക ചുമതല വഹിച്ചത് - ചാർജ്ജ് അലവൻസ് അനുവദിച്ച് - ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.689/2026/ID തീയതി,തിരുവനന്തപുരം, 30-06-2026

---

പരാമർശം:-

1. 11.07.2017-ലെ സ.ഉ(അച്ചടി) നം. 88/2017/ധന.
2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 27/03/2025-ലെ ഡിഐസി/12882/2018-ഇഡി2 നമ്പർ നടപടിക്രമം
3. 10/03/2026-ലെ സ.ഉ. (സാധാ) നം. 282/2026/വ്യവ
4. വ്യവസായ വാണിജ്യ ഡയറക്ടറുടെ 21/09/2025-ലെ ഡിഐസി/4654/2025-ഇഡി2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വ്യവസായ വാണിജ്യ വകുപ്പിൽ, തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർ ശ്രീ.ഷിറാസ്.എ.എസ് 31/03/2025-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് പരാമർശം(2) നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ 31.03.2025 മുതൽ 06.08.2025 വരെ പ്രസ്തുത തസ്തികയുടെ അധിക ചുമതല വഹിച്ച മാനേജർ ശ്രീ.ശരത് വി.എസ്-ന് അർഹമായ ചാർജ്ജ് അലവൻസ് അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാനേജർ ശ്രീ.ശരത് വി.എസ്-ന് ജനറൽ മാനേജർ തസ്തികയുടെ അധിക ചുമതല നൽകിയിരുന്ന പരാമർശം (2)- ലെ നടപടിക്രമം പരാമർശം (3) പ്രകാരം സാധൂകരിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജറുടെ അഭാവത്തിൽ പ്രസ്തുത തസ്തികയുടെ അധിക ചുമതല വഹിച്ച മാനേജർ ശ്രീ. ശരത് വി.എസ്-ന് കെ.എസ്.ആർ. ഭാഗം. I, ചട്ടങ്ങൾ 53 (b)(2)(as amended vide G.O(P) No 88/2017/Fin dated 11.07.2017), 53A(II)(C), 53(c) എന്നിവ പ്രകാരം അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ 01.04.2025 മുതൽ, *ടിയാൾ പരിവർത്തിതാവധിയിൽ പ്രവേശിച്ചിരുന്ന 21/05/2025 മുതൽ 01/06/2025 വരെയുള്ള കാലയളവ് ഒഴിവാക്കി*, മൂന്ന് മാസക്കാലയളവിലേയ്ക്ക് പരിമിതപ്പെടുത്തി ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ്മിത ബി ചന്ദ്ര

ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. ശരത് വി.എസ് (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 01-07-2026 12:16:02